ഉത്തരം

(എ) ഉണ്ട്.

(ബി) കോളനി വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് ജില്ലാ വർക്കിംഗ് ഗ്രൂപ്പിന് സമർപ്പിച്ചിട്ടുണ്ട്. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

ചങ്ങനാശ്ശേരി കുറിച്ചി സചിവോത്തമപുരം കോളനിയിലൂടെ 11 കെ.വി.ലൈൻ വലിക്കുന്നതിനെതിരെ പരാതി

124 (292) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി കുറിച്ചി സചിവോത്തമപുരം കോളനിയിലൂടെ 11 കെ.വി.ലൈൻ വലിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ലൈൻ വലിക്കുന്നതിനെതിരെ കോളനിനിവാസികൾ പ്രതിഷേധം പ്രകടിപ്പിച്ചിട്ടുണ്ടോ;

(സി) ഇതുമൂലം കോളനിനിവാസികൾക്കുണ്ടാകാവുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ ലൈൻ വലിക്കുന്നതിനെതിരെ ആത്മാഹുതി നടത്തിയ ആളുടെ കുടുംബത്തിന് വൈദ്യുതി ബോർഡിൽനിന്നും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

(ഇ) ഈ ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട ഉയർന്നുവന്ന അഴിമതി ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) പ്രസ്തുത ലൈൻ വലിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോളനി അസോസിയേഷനുവേണ്ടി ശ്രീ. സി. പി. രാജപ്പൻ 15-11-1998-ൽ വൈദ്യുതി ബോർഡിൽ ഒരു പരാതി സമർപ്പിച്ചിരുന്നു. കോളനി റോഡിലൂടെ 11 കെവി ലൈൻ വലിക്കുമ്പോൾ സ്ഥലത്തിക്കില്ലെന്നും കോളനിയിലൂടെയുള്ള റോഡിന് 6 അടി മാത്രമേ വീതിയുള്ളുവെന്നും ഈ ലൈൻ മൂലം ഫലപുഷ്ടിയുള്ള മരങ്ങൾവെട്ടി നശിപ്പിക്കും എന്നതിനാൽ ഇതു വഴി ലൈൻ വലിക്കാൻ പാടില്ലെന്നും വേണമെങ്കിൽ കോളനിയുടെ പടിഞ്ഞാറു ഭാഗത്തുള്ള വഴിയിലൂടെ റോഡിന്റെ പടിഞ്ഞാറു വശത്ത് പോസ്റ്റുകളിട്ട് ലൈൻ വലിക്കാവുന്നതാണെന്നും പരാതിയിൽ പറഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത റോഡിൽ ലോ ടെൻഷൻ ലൈനും, സ്ട്രീറ്റ് ലൈറ്റ് മെയിനും നിലവിലുണ്ട്. ഒരേ പോസ്റ്റിൽ കൂടി തന്നെയാണ് ഹൈടെൻഷൻ ലൈനും, ലോടെൻഷൻ ലൈനും വലിച്ചിട്ടുള്ളത്. ലൈൻ ആരുടെയും പൂരയിടത്തിൽ കയറാതെയിരിക്കാനും, കൂടുതൽ മരച്ചില്ലുകൾ വെട്ടാതെയിരിക്കാനും വേണ്ടി സൈഡ് ആം ഇട്ടാണ് ലൈൻ വലിച്ചിരിക്കുന്നത്. ചില മരത്തിന്റെ ഏതാനും ശിഖരങ്ങൾ മുറിച്ചു മാറ്റേണ്ടി വരുമെന്നത് മാത്രമാണ് പ്രശ്നം. പഞ്ചായത്തിന്റെ വകയാണെന്ന് അധികൃതർ പറഞ്ഞിരിക്കുന്ന റോഡിലൂടെ മാത്രമാണ് ലൈൻ വലിച്ചിരിക്കുന്നത്. ആയതിനാൽ കോളനി നിവാസികൾക്ക് പ്രത്യേകിച്ച് പ്രശ്നങ്ങൾ ഒന്നും ഉണ്ടാകുന്നില്ല.

(ഡി) ബോർഡിൽ നിലവിലുള്ള നിയമം അനുസരിച്ച് നഷ്ടപരിഹാരത്തിന് അർഹതയില്ല.

(ഇ) ഇല്ല. പ്രസക്തമല്ല.

(എഫ്) ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു:ഹൈക്കോടതിയുടെ തീരുമാനം നിലവിലുള്ള സാഹചര്യം പരിഗണിച്ച് അഭിപ്രായസമന്വയത്തിലൂടെ കോടതിയുടെ അംഗീകാരത്തിനു വിധേയമായി പ്രശ്നം പരിഹരിക്കുക എന്നതാണ് സർക്കാർ നിലപാട്.

സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പയുടെ പലിശ

125 (293) ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ:
ശ്രീ. ഇ. ടി .മുഹമ്മദ് ബഷീർ:
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളും അംഗങ്ങൾക്ക് വസ്തു ജാമ്യത്തിലും ആൾ ജാമ്യത്തിലും അനുവദിക്കുന്ന വായ്പകൾക്ക് പലിശ ഈടാക്കുന്ന ഇപ്പോഴത്തെ രീതി ഗുണത്തേക്കാളേറെ അവരെ കടക്കെണിയിൽ കുരുക്കി അധഃപതിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ വായ്പ എടുത്ത് അടച്ചു തീർത്തു കിട്ടാൻ വിഷമിക്കുന്ന അംഗങ്ങൾക്ക് വേണ്ടി പലിശയിനത്തിൽ എന്തെങ്കിലും ഇളവ് നൽകി അവരുടെ കടം തീർക്കാൻ സൗകര്യം നൽകുമോ ?

ഉത്തരം

(എ) ഇല്ല. ബാങ്കുകൾ പലിശ ഈടാക്കിയെടുക്കുന്നതിൽ എന്തെങ്കിലും പിശകുകൾ വരുന്ന പക്ഷം വ്യക്തിഗത പരാതികളിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) സഹകരണ സംഘങ്ങളിൽ നിന്നും എടുത്ത വായ്പ അടച്ചു തീർക്കാൻ വിഷമിക്കുന്നവർക്ക് പലിശ ഇളവ് നൽകുന്നതിന് പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly